(ബി) ജില്ലാതല റിക്രൂട്ട്മെന്റ് നിർത്തിയശേഷം എത്രപേർ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ മുഖേന ആലപ്പുഴ ജില്ലയിൽ നിയമനം നേടിയിട്ടുണ്ട് ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ നടത്തുന്നതുമൂലം ആലപ്പുഴ ജില്ലയിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പരവൂർ ഫയർസ്റ്റേഷന് കെട്ടിടനിർമ്മാണം**

**237 (3059)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ ഫയർസ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിലേക്കായി ആഭ്യന്തര മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നത് എന്നാണെന്നും പ്രസ്തുത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നതിലേക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) എന്നത്തേക്ക് ഭൂമി കൈമാറ്റം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത യോഗത്തിലെ മറ്റ് തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികളുടെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) 18-5-2015-ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നു. യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി-ഡി) 18-5-2015-ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly